No: CEE/1515/2011/KEAM-2012/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

## 2012 ലെ കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് സമർപ്പിച്ച വരുമാനം സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിച്ചു

2012 ലെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന വരുമാനം സംബന്ധിച്ച വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റായ www.cee-kerala.org യിൽ പ്രസിദ്ധീകരിച്ചു.

പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാത്രമേ AICTE നിർദ്ദേശിച്ചിട്ടുള്ള ട്യൂഷൻ ഫീ വേവർ സ്കീമിലേക്കോ കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഫീസിളവ് പദ്ധതിയിലേക്കോ പരിഗണിക്കുകയുള്ളൂ. ജില്ല, താലൂക്ക്, വില്ലേജ് ക്രമത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൻമേൽ എന്തെങ്കിലും പരാതിയുള്ള പക്ഷം ആവശ്യമായ രേഖകൾ സഹിതം 18.02.2013 (തിങ്കളാഴ്ച്ച) വൈകുന്നേരം 5 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നേരിട്ടോ താപാൽ മുഖാന്തിരമോ അറിയിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
08.02.2013